5

# ചോ:

# "ഒരു സഭ മറ്റൊന്നുപോലെ നല്ലതാണെങ്കിൽ, നാമധേയവിഭാഗ-രഹിതമാകുന്നതിനെ കുറിച്ച് വിചാരപ്പെടുന്നതെന്തിന്?"

## ഉത്തരം:

നമ്മുടെ ലക്ഷ്യം നാമധേയവിഭാഗ–രഹിതമാവുക എന്നതാണ്. എന്നാൽ എന്തിനു വിചാരപ്പെടണം? ഒരു സഭ എങ്ങനെയായാലും മറ്റൊന്നുപോലെ നല്ലതാണെങ്കിൽ, നാമധേയവിഭാഗ–രഹിതമാകുന്നതിനെ കുറിച്ച് എന്തിന് വിചാരപ്പെടണം?

ആ ചോദ്യത്തിന് ഉത്തരം നാം നൽകേണ്ടതുണ്ട്, എന്നാൽ നമ്മുടെ ലക്ഷ്യം വിവരിച്ചുകൊണ്ടും പ്രതിരോധിച്ചുകൊണ്ടും നാം ആരംഭിക്കണം.

### നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വത്തെ കുറിച്ചുള്ള ഒരു വിശദീകരണം

ആദ്യം, നാമധേയവിഭാഗ–രഹിതമായ ക്രിസ്ത്യാനിത്വത്തിന്റെ, ഒരു വിശദീകരണം നോക്കാം. നാം പറയുന്ന വാക്കുകളെ നിർവ്വചിച്ചുകൊണ്ടു നമുക്ക് തുടങ്ങാം.

"നാമധേയം" എന്ന വാക്കുകൊണ്ടു നാം എന്താണ് അർത്ഥമാക്കുന്നത്? മിക്കയാളുകളും മതപരമായ സന്ദർഭത്തിൽ ആ വാക്ക് ഉപയോഗിക്കുമ്പോൾ അർത്ഥമാക്കുന്നതാണ് നാമും അർത്ഥമാക്കുന്നത്. ആ വാക്കിന്റെ ചില അർത്ഥങ്ങൾ എനിക്കു കാണുവാൻ കഴിഞ്ഞത് ഉൾപ്പെടുത്തുന്നു: "ഒരു മതപരമായ സംഘം അല്ലെങ്കിൽ വിഭാഗം"[1]; "വേറിട്ട പേരിൽ അറിയപ്പെടുന്ന സഭ അല്ലെങ്കിൽ വിഭാഗം"[2]; "വേറിട്ട ഒരു മതസംഘടനക്കാണ് 'നാമധേയവിഭാഗം' ഉപയോഗിച്ചിരിക്കുന്നത്."[3]; "ഒരു പ്രത്യേക പേരിൽ പ്രത്യേക വിശ്വാസപ്രമാണമുള്ള മതപരമായ സംഘത്തെ കുറിക്കുന്നതാണ്."[4]

അതുകൊണ്ട്, ഒരു നാമധേയവിഭാഗം മതപരമായ ഒരു *വിഭാഗമാണ്.* അത് *പ്രത്യേക ഉപദേശങ്ങളും പ്രത്യേക പേരും ഉള്ള ഒരു വിഭാഗമാണ്.* ഓരോ നാമധേയ വിഭാഗത്തിനും അതിന്റേതായ ഉപദേശങ്ങളും, പരിശീലനവും, ആരാധനകളും ഉണ്ട്. മിക്ക നാമധേയ വിഭാഗങ്ങൾക്കും അവരുടേതായ കേന്ദ്രസംഘടനകൾ ആ വിഭാഗത്തെ പ്രതിനിധീകരിക്കുവാനും നിയന്ത്രിക്കുവാനും ഉണ്ടായിരിക്കും.

അത് പ്രത്യേക ഉപദേശങ്ങളുള്ള ഒരു *മുഴുസംഘത്തിന്റെ ഭാഗമാണ്.* നാമധേയവിഭാഗ എഴുത്തുകാർ കരുതുന്നത് ഓരോ നാമധേയവിഭാഗവും മുഴുവൻ ക്രിസ്ത്യാനിത്വത്തിന്റെയും ഭാഗമാണെന്നും, എല്ലാ നാമധേയവി

ഭാഗങ്ങളും ചേർന്നുള്ളതാണ് ക്രിസ്തുവിന്റെ വലിയ ശരീരം എന്നുമാണ്.

എന്നാൽ നാം നാമധേയവിഭാഗ-രഹിതം എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്? നാം ചരിത്രത്തിൽ നാമധേയ വിഭാഗങ്ങൾ ഒന്നും ഇല്ലാതിരുന്ന സമയത്തിലേക്കു പോവുകയും അവിടെ കാണുന്ന സഭ ഏകീകരിക്കുകയുമാണ് നമ്മുടെ ലക്ഷ്യം. നമ്മുടെ ലക്ഷ്യം നാമധേയ വിഭാഗത്തിന് - *മുൻപുള്ള* അവസ്ഥയിലേക്ക് കൊണ്ടുവരിക എന്നാണെന്നു പറയാം.

ചരിത്രത്തിൽ അത്തരത്തിലുള്ള ഒരു സമയം എപ്പോഴെങ്കിലും ഉണ്ടായിരുന്നുവോ? ഉണ്ടായിരുന്നു! പുതിയനിയമ കാലത്ത്, ഏക ശരീരമേ ഉണ്ടായിരുന്നുള്ളൂ (എഫെസ്യർ 4:4); ആ ശരീരം സഭയായിരുന്നു (എഫെസ്യർ 1:22, 23; ഒ.വാ. മത്തായി 16:18; 1 കൊരിന്ത്യർ 12:20). അതുകൊണ്ടു, അന്ന് നാമധേയവിഭാഗങ്ങൾ ഇല്ലായിരുന്നു; ക്രിസ്തുവിന്റെ ശരീരമായ, ഏക സഭയേ ഉണ്ടായിരുന്നുള്ളൂ. ആ ഏക സഭയാണ് മൊത്തത്തിൽ ക്രിസ്ത്യാനിത്വം ആകുന്നത്.

പുതിയനിയമത്തിൽ നാമധേയവിഭാഗത്തോട് സാമ്യമുള്ള ഒന്ന് കൊരിന്തിൽ നാം കാണുന്ന ഒരു സാഹചര്യത്തിലുണ്ട്:

> സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ പിണക്കമുണ്ടെന്ന്, ക്ലോവയുടെ ആളുകളാൽ, എനിക്കു അറിവു കിട്ടിയിരിക്കുന്നു. നിങ്ങളിൽ ഓരോരുത്തൻ, "ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ," "ഞാൻ അപ്പൊല്ലോസിന്റേ പക്ഷക്കാരൻ," "ഞാൻ കേഫാവിന്റെ പക്ഷക്കാരൻ," "ഞാൻ ക്രിസ്തുവിന്റെ പക്ഷക്കാരൻ," എന്നിങ്ങനെ പറയുന്നുപോൽ. ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൗലൊസ് നിങ്ങൾക്കുവേണ്ടി, ക്രൂശിക്കപ്പെട്ടുവോ? അല്ല പൗലൊസിന്റെ നാമത്തിൽ നിങ്ങൾ സ്നാനം ഏറ്റുവോ? (1 കൊരിന്ത്യർ 1:11 -13).

ഇന്നു അറിയപ്പെടുന്ന നാമധേയവിഭാഗങ്ങളൊന്നും അന്നിവിടെ ഇല്ലായിരുന്നു; അന്ന് നാമധേയവിഭാഗങ്ങളുടെ വിത്ത് മാത്രമാണ് ഉണ്ടായിരുന്നത്. ആ വിത്തുകളെ പോലും അന്ന് ഖണ്ഡിച്ചിരുന്നു! (ഒ.വാ. ഗലാത്യർ 5:19-21). പുതിയനിയമകാലത്ത്, ഏക സഭയേ ഉണ്ടായിരുന്നുള്ളൂ, കൂടാതെ ആ സഭയെ ഭിന്നിച്ച് വിഭാഗങ്ങളോ അല്ലെങ്കിൽ വ്യത്യസ്ത കൂട്ടങ്ങളോ ഉണ്ടാക്കുവാനുള്ള ഏതു നീക്കത്തെയും എതിർത്തിരുന്നു.

അതുകൊണ്ടു, *പുതിയനിയമസഭ നാമധേയവിഭാഗരഹിതമായിരുന്നു.* ആ സഭയായി തീരുക എന്നതാണ് നമ്മുടെ ലക്ഷ്യം! ആ സഭയിൽ ആയിരിക്കുവാൻ, നാം നാമധേയവിഭാഗരഹിതമാകണം. പുതിയ നിയമസഭ നാമധേയവിഭാഗ-രഹിതമാകയാൽ, നാം നാമധേയവിഭാഗങ്ങളെ കുറിച്ചു പറയുമ്പോൾ, നാം സംസാരിക്കുന്നത് അപ്പൊസ്തോലിക-കാലത്തിന് ശേഷം ഉണ്ടായ സാഹചര്യങ്ങളെ കുറിച്ചും ഒന്നാം നൂറ്റാണ്ടിനുശേഷം ഉത്ഭവിച്ചതായ സഭകളെ കുറിച്ചുമാണ്.

### നാമധേയ-രഹിത ക്രിസ്ത്യാനിത്വത്തെ പ്രതിരോധിക്കൽ

രണ്ടാമത്, നാമധേയ-രഹിത ക്രിസ്ത്യാനിത്വത്തെ പ്രതിരോധിക്കുന്നത്, പരിഗണിക്കുക. എന്തുകൊണ്ടു നാം നാമധേയ-രഹിത ക്രിസ്ത്യാനിത്വത്തെ പ്രതിരോധിക്കണം?

ഒന്ന്, നാമധേയ രഹിതമായ സഭയെ പുനരേകീകരിക്കുവാൻ തക്ക മാതൃക ദൈവം നമുക്ക് തന്നിട്ടില്ലായ്ക കൊണ്ട് പുതിയ നിയമ സഭയെ പോലെ നാമധേയ-രഹിതസഭയായി തീരുക എന്നത് *പ്രയാസമാണെന്ന്* ചിലർ തടസ്സവാദം ഉന്നയിക്കുന്നു.

ചിലർ പറയുന്നത്, മാതൃകയുള്ള കാലം ഇല്ലായിരുന്നു എന്നാണ്. മതത്തിൽ ബൈബിളിനെ മാറ്റമില്ലാത്ത ഒരു സഹായിയായി ഉപയോഗിക്കുവാൻ ദൈവം ഉദ്ദേശിക്കുന്നതായോ പുതിയ നിയമസഭ ഇന്നത്തെ സഭയ്ക്കുള്ള ഒരു മാതൃകയായോ അവർ വിശ്വസിക്കുന്നില്ല.

അവർ ശരിയാണോ? താൻ പഠിപ്പിച്ചത് മറ്റുള്ളവരെ ഉപദേശിക്കണമെന്ന് അപ്പൊസ്തലന്മാരോടു പറഞ്ഞശേഷം, യേശു പറഞ്ഞു, "ഞാനോ, ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:20). അതിനർത്ഥം അവൻ അപ്പൊസ്തലന്മാർക്കു കൊടുത്ത മാതൃക മാറ്റുവാൻ യേശു ആഗ്രഹിക്കുന്നുണ്ടെന്നാണോ? "വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേൽപ്പിച്ച വിശ്വാസം" എന്നതിനെ കുറിച്ചു നാം യൂദാ 3-ൽ വായിക്കുന്നു. അതിനർത്ഥം അന്നു നൽകപ്പെട്ടതായ പുതിയനിയമ മാതൃക ഒന്നാം നൂറ്റാണ്ടിലെ ആളുകൾക്കുള്ളതു മാത്രമായിരുന്നു എന്നാണോ? താൻ പ്രസംഗിച്ച സുവിശേഷത്തിനു പകരം സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ ആകട്ടെ വേറൊരു സുവിശേഷം അറിയിച്ചാൽ, അവൻ ശപിക്കപ്പെട്ടവനാകും എന്നത്രേ പ്രസംഗിച്ചത് (ഗലാത്യർ 1:8). അവന്റെ ഉപദേശം സ്ഥിരീകരിക്കുന്നത് താല്ക്കാലികമായ ഒരു മാതൃക മാത്രമായിരുന്നു?

പുതിയ നിയമം "ലോകാവസാനത്തോളം" എല്ലാവരെയും ഉദ്ദേശിച്ചുള്ളതാണെങ്കിൽ, പുതിയനിയമ സഭ ഉദ്ദേശിക്കുന്നത് "കാലാവസാനത്തോളം" നിലനില്ക്കേണ്ട സഭയ്ക്കുള്ള ഒരു മാതൃകയാണെന്ന് നാം വിശ്വസിക്കണം. അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴിനടത്തിയിരുന്നു (യോഹന്നാൻ 16:13), അവർ സുവിശേഷം പ്രസംഗിച്ചതിന്റെ ഫലമായി കർത്താവിന്റെ സഭ സ്ഥാപിക്കപ്പെട്ടു. ആ സഭ ഉപദേശിക്കയും പരിശീലിക്കയും ചെയ്ത ചില ഉപദേശങ്ങൾ ദൈവശ്വാസീയ അപ്പൊസ്തലന്മാർ അവർക്കു ഏല്പിച്ചുകൊടുത്തതായിരുന്നു. ആ സഭയെ നാം പുതിയ നിയമത്തിൽ വായിക്കുന്നു; അവിടെ നാം അതിന്റെ ഉപദേശം, ആരാധന, സംഘടന എന്നിവയെ കുറിച്ചു പഠിക്കുന്നു. ക്രിസ്തു, അങ്ങനെ സഭ സ്ഥാപിക്കുകയും, സഭയെ കുറിച്ചുള്ള വസ്തുതകൾ വെളിപ്പെടുത്തുകയും ചെയ്തതിൽകൂടി, അത് എല്ലാ കാലത്തേക്കുമുള്ള മാതൃകയായി ഉദ്ദേശിച്ചില്ലെങ്കിൽ, അവൻ എന്തിനാണ് അതു ചെയ്തത്?

നാം ഇതു വിശ്വസിക്കുന്നു: ക്രിസ്തു സഭ എങ്ങനെ ആയിരിക്കണമെന്ന് ആഗ്രഹിച്ചുവോ ആ വിധത്തിലാണ് ക്രിസ്തു സഭയെ സ്ഥാപിച്ചത്. അപ്പൊസ്തലന്മാർ മുഖാന്തരം വെളിപ്പെടുത്തിയതായ മാതൃക സഭയ്ക്ക് ഉള്ളേടത്തോളം, അങ്ങനെയുള്ള സഭ ദൈവത്തെ പ്രസാദിപ്പിക്കുന്നതായിരുന്നു. അതേ മാതൃക നാം പിൻപറ്റുകയാണെങ്കിൽ ദൈവത്തെ പ്രസാദിപ്പിക്കുന്ന മാതൃക തന്നെയാണ് നാം പിൻതുടരുന്നത് എന്ന് *നമുക്ക് തീർച്ചയാക്കാം.*

പുതിയ നിയമകാലത്ത് സഭയ്ക്ക് *ഒരൊറ്റ മാതൃക ഉണ്ടായിരുന്നില്ല* എന്ന് ചിലർ തടസ്സവാദം ഉന്നയിച്ചേക്കാം. ഞാൻ ഒരു ഉപദേഷ്ടാവിനെ കണ്ട് പുതിയ നിയമസഭ എങ്ങനെ പുനരേകീകരിക്കാം എന്ന് അയാളോടു വിശദീകരിക്കുവാൻ ശ്രമിച്ചത് ഓർക്കുന്നു. അയാൾ മറുപടി പറഞ്ഞു, "അതുകൊണ്ട്

നിങ്ങൾ പുതിയനിയമ സഭ ഏകീകരിക്കുവാൻ ആഗ്രഹിക്കുകയാണോ? എന്നാൽ *ഏതു* സഭ? നിങ്ങൾ ഏകീകരിക്കുവാൻ പോകുന്നത് യെരുശലേമിലെ, അന്ത്യോക്യയിലെ, എഫെസോസിലെ, അല്ലെങ്കിൽ കൊരിന്ത്യയിലെ സഭയോ?" പുതിയ നിയമകാലത്ത് ഉണ്ടായിരുന്ന ഇടവകകൾ സാദൃശ്യമില്ലാത്തത് ആയതുകൊണ്ട് ഇന്നത്തെ സഭകൾ പുനരേകീകരിക്കുന്നതിന് ഉപയോഗിക്കുവാൻ *ഒറ്റ* മാതൃക ഇല്ലാത്തതായി അയാൾ വിശ്വസിച്ചിരുന്നു. അയാളുടെ വിശ്വാസം ശരിയായിരുന്നോ?

ഒന്നാം നൂറ്റാണ്ടിലെ കർത്താവിന്റെ സഭയുടെ ഇടവകകളിൽ ചില കാര്യങ്ങളിൽ വ്യത്യസ്തതകൾ നിലനിന്നിരുന്നു. എന്നാൽ അവരുടെ എല്ലാ വ്യത്യാസങ്ങൾക്കും രണ്ടു ഉറവിടങ്ങൾ ഉണ്ടായിരുന്നതായി കാണാം. ചില വ്യത്യാസങ്ങൾ സ്വാർത്ഥ അഭിപ്രായങ്ങളെ കുറിച്ച് ഉള്ളതായിരുന്നു, അവയിൽ ചില വ്യത്യാസങ്ങൾ ഉടലെടുത്തത്, അപ്പൊസ്തൊലിക ഉപദേശത്തിൽ നിന്നല്ല, അപ്പൊസ്തലന്മാരുടെ ഉപദേശം കൈക്കൊള്ളുന്നതിൽ അവർ പരാജയപ്പെട്ടതുകൊണ്ടാണ്. സഭ ക്രിസ്തു സ്ഥാപിച്ചതിനെ പോലെ പൂർണ്ണമായിരുന്നു, എന്നാൽ അതിനോടു ചേർത്ത ആളുകൾ അപൂർണ്ണരായിരുന്നു. നാം അതിന്റെ പൂർണ്ണത ഏകീകരിക്കുവാൻ ആഗ്രഹിക്കണം, അല്ലാതെ അതിലെ അപൂർണ്ണതയുള്ള അംഗങ്ങളുടെ തെറ്റുകളെ അല്ല.

അതുകൂടാതെ, *ഒരേ വിശ്വാസത്തിന്റെ പ്രധാന ഭാഗമായിരുന്ന ആ പ്രദേശങ്ങളിൽ,* കർത്താവിന്റെ സഭയുടെ ഇടവകകൾ എല്ലായിടത്തും ഒന്നു തന്നെ ആയി നിലനിന്നിരുന്നു എന്നാണ് രേഖകൾ തെളിയിച്ചത്. ഓരോ ഇടവകയിൽ അല്ലെങ്കിൽ സഭയിൽ മൂപ്പന്മാർ നിയമിക്കപ്പെട്ടിരുന്നു (പ്രവൃത്തികൾ 14:23); അവർ ആരാധനയിൽ പാട്ടുപാടുകയും (എഫെസ്യർ 5:19; കൊലൊസ്യർ 3:17); അവർ കർത്തൃമേശയിൽ പങ്കെടുക്കുകയും (പ്രവൃത്തികൾ 2:42; പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 11); അവർ പ്രാപ്തിപോലെ കൊടുക്കുകയും ചെയ്തിരുന്നു (1 കൊരിന്ത്യർ 16:1, 2); അവർ പരിശീലിച്ച സ്നാനം മുങ്ങൽ ആയിരുന്നു (പ്രവൃത്തികൾ 8:39; റോമർ 6:3, 4; കൊലൊസ്യർ 2:12); അവർ എല്ലാവരും ഒരേ രീതിയിൽ രക്ഷിക്കപ്പെട്ടു (പ്രവൃത്തികൾ 15:9, 11); ഒരു ഇടവകക്കു ഉദ്ദേശിച്ചതായ ദൈവശ്വാസീയ ലേഖനങ്ങൾ എല്ലാവരാലും വായിച്ചുകേട്ടിരുന്നു (കൊലൊസ്യർ 4:16). വാസ്തവത്തിൽ, പൗലൊസ് എഴുതി, "ഇതു നിമിത്തം കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയമകനുമായ തിമൊഥെയൊസിനെ, നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്നു, ഞാൻ എങ്ങും ഏതുസഭയിലും ഉപദേശിക്കുന്നതുപോലെ, ക്രിസ്തുവിലുള്ള എന്റെ വഴികൾ അവൻ നിങ്ങളെ ഓർപ്പിക്കും" (1 കൊരിന്ത്യർ 4:17). അപ്പോൾ പിന്നെ പുതിയ നിയമത്തിലെ കർത്താവിന്റെ സഭയുടെ ഇടവകകൾ ഇന്നുവേണ്ടതായ ഒറ്റമാതൃക നമുക്കു കണ്ടെത്താൻ സാധിക്കാത്തത്ര വ്യത്യസ്തമാണെന്നു എങ്ങനെ ആർക്കെങ്കിലും പറയുവാൻ കഴിയും?

രണ്ട്, മറ്റുള്ളവർ പറയുന്നത് നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വം പുനരേകീകരിക്കേണ്ട *ആവശ്യമില്ല* കാരണം എല്ലാ വിഭാഗങ്ങളും ഏക സഭയുടെ ശാഖകളാണ് എന്നത്രെ.

അവർ പറയുന്നത് ശരിയാണോ? നാമധേയ വിഭാഗങ്ങൾ സഭയുടെ ഭാഗങ്ങളോ, ശാഖകളോ ആണോ? അവ നാമധേയ വിഭാഗീയതയുടെ ശാഖകളോ അല്ലെങ്കിൽ പ്രൊട്ടസ്റ്റന്റുകാരുടെ ഭാഗങ്ങളോ ആയേക്കാം, എന്നാൽ പുതിയ നിയമത്തിൽ നാം വായിക്കുന്ന ആ സഭയുടെ ഭാഗമാണോ എന്ന

തിൽ സംശയമുണ്ട്. പുതിയനിയമത്തിൽ, ഒരിക്കൽ മാത്രമേ നാം "കൊമ്പുകൾ" എന്നു വായിക്കുന്നുള്ളൂ: ക്രിസ്തു പറയുന്നു, "ഞാൻ മുന്തിരിവള്ളിയും, നിങ്ങൾ കൊമ്പുകളും ആകുന്നു" (യോഹന്നാൻ 15:5). എന്നാൽ അവൻ തുടർന്നു പറയുന്നു, "എന്നിൽ വസിക്കാത്തവനെ, ഒരു കൊമ്പുപോലെ പുറത്തുകളഞ്ഞിട്ടു, അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്ത്, തീയിൽ ഇടുന്നു, അതു വെന്തുപോകുന്നു" (യോഹന്നാൻ 15:6). ക്രിസ്തുവിൽ ആയിത്തീർന്ന ഓരോ വ്യക്തിയും ഓരോ കൊമ്പ് ആണ്!

മുന്തിരിവള്ളിയുടെ ഒരു കൊമ്പിൽ ഓറഞ്ചും, മറ്റൊന്നിൽ ബദാംപഴവും, വേറൊന്നിൽ തണ്ണിമത്തനും ഉണ്ടാകുന്നത് നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? തീർച്ചയായും ഇല്ല! ഒരൊറ്റ മുന്തിരിവള്ളിയും അതിന്റെ എല്ലാ കൊമ്പുകളും ഒരേ ഫലം തന്നെയാണ് പുറപ്പെടുവിക്കുന്നത്. എന്നാൽ നാമധേയവിഭാഗങ്ങൾ ഒരേ ഫലമല്ല പുറപ്പെടുവിക്കുന്നത്! അവരുടെ ഫലങ്ങൾ എല്ലാം ഓറഞ്ചും, ബദാമും, തണ്ണിമത്തനും പോലെ വ്യത്യസ്തമായതാണ്. അതുകൊണ്ടു, അവരെല്ലാം, പുതിയ നിയമ സഭയായ ഒന്നിന്റെ കൊമ്പുകൾ അല്ല; വാസ്തവത്തിൽ, ഓരോന്നും, ഓരോ വള്ളിതന്നെയാണ്.

മൂന്ന്, വേറെ ചിലർ പറയുന്നത് നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വം പുനരേകീകരിക്കുക എന്നത് ഇന്ന് *പ്രാവർത്തികമല്ല* എന്നത്രെ.

ചിലർ പറയുന്നത് പുതിയ നിയമ ക്രിസ്ത്യാനിത്വം യഥാസ്ഥാനപ്പെടുത്തിയ ശേഷവും ഞങ്ങൾ മറ്റൊരു നാമധേയ വിഭാഗമായി തീർന്നു എന്നാണ്.

അവർ "നാമധേയ വിഭാഗീയത്വം," എന്നതിനു നാം ആദ്യം കൊടുത്ത അർത്ഥമായ "ഒരു പേർ," എന്നത് എടുത്തുകൊണ്ടു ഒരു സഭയ്ക്കു ഒരു പേരുണ്ടെങ്കിൽ, പിന്നെ അത് ഒരു നാമധേയവിഭാഗമാണ് എന്ന് തീർച്ചപ്പെടുത്തുന്നു. നാം ഒരു പേർ ധരിച്ചാൽ ഒരു വിഭാഗമായി തീരുമോ?

മറ്റുള്ള പേരുകളെ എല്ലാം ഒഴിവാക്കി നാം *ഒരു* പേർ അവകാശപ്പെടുന്നില്ല എന്നത് ദയവായി ശ്രദ്ധിക്കുക. "സഭ," "ശരീരം," "ക്രിസ്തുവിന്റെ സഭ," അല്ലെങ്കിൽ "ചർച്ച് ഓഫ് ക്രൈസ്റ്റ്" എന്നുപറയുന്നതെല്ലാം ഒരു ബന്ധത്തിലെ പേരുകൾ സൂചിപ്പിക്കുന്നതുപോലെയുള്ള പേരുകളല്ല: ആ സഭ ക്രിസ്തുവിനുള്ളതാണ്. മുകളിൽ പറഞ്ഞതായ പ്രയോഗങ്ങൾ എല്ലാം പുതിയനിയമത്തിൽ കാണുന്നവയാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഒരു *പേര്* മാത്രമാണ് ഒരു നാമധേയവിഭാഗത്തെ അങ്ങനെയാക്കി മാറ്റുന്നതെങ്കിൽ, പുതിയനിയമ സഭ ഒരു വിഭാഗമായിരുന്നു എന്നു പറയേണ്ടിവരും.

ഒരു പേരല്ല എല്ലാം കൊണ്ടും ഒന്നിനെ നാമധേയവിഭാഗമാക്കുന്നത്. മറ്റുള്ള സംഘങ്ങളിൽ നിന്ന് വ്യത്യസ്തമായതുകൊണ്ടാണ് നാമധേയ വിഭാഗങ്ങൾക്ക് പേരുകൾ നൽകിയിരിക്കുന്നത്. നാമധേയസഭകൾ തമ്മിലുള്ള വ്യത്യാസം പേരിൽ മാത്രമാണെങ്കിൽ, നാമധേയവിഭാഗങ്ങൾ തന്നെ ഉണ്ടാവുമായിരുന്നില്ല. എല്ലാം ഒന്നായിരിക്കും! ഒരു സഭക്കു പേരുണ്ട് എന്നുള്ള കാരണത്താൽ അതു നാമധേയവിഭാഗമാകുന്നില്ല.

ഒരു സഭ നാമധേയവിഭാഗമാണെന്നു ചിലർ പറയുവാനുള്ള കാരണം, അതിനു പ്രത്യേകമായ നിലനില്പും, പൊതുവായ വിശ്വാസങ്ങളും പരിശീലനങ്ങളും, കൂടാതെ എഴുതപ്പെട്ടതോ അല്ലാത്തതോ ആയ വിശ്വാസപ്രമാണങ്ങളുമുണ്ട്. ആ നിർവ്വചനം ഉപയോഗിച്ചു, പുതിയനിയമസഭ ഒരു നാമധേയവിഭാഗമായിരിക്കുമെന്നു കരുതാം! ആരും അതു അങ്ങനെ ആയിരുന്നു എന്നു വിശ്വസിക്കുന്നില്ല. ഒരു സഭക്കു അതിന്റേതായ ഉപദേശവും പരിശീ

ലനവും മറ്റുള്ളവയിൽനിന്നു വ്യത്യസ്തമായുണ്ടെന്നതിനാൽ അതു നാമധേയവിഭാഗം ആകുന്നില്ല.

പുതിയനിയമസഭയുടെ പുനരേകീകരണത്തെ കുറിച്ചു ചിലർ വിമർശിക്കുന്നത് അതു ഒരു സമൂഹത്തിൽ കൂടുതൽ മതപരമായ തിരിവുകൾ ഉണ്ടാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. നാം ഒരു സമൂഹത്തിൽ പുതുതായി ഒരു പ്രവർത്തനം ആരംഭിക്കുമ്പോൾ, അവിടെയുള്ള നാമധേയവിഭാഗങ്ങളില്ലാതാക്കുന്നതിനു പകരം, അവിടെ ഉള്ള സഭകൾക്കു പുറമെ *മറ്റൊരു* സഭ കൂടി സ്ഥാപിച്ചുകൊണ്ടു, നാം അതിനെ രൂക്ഷമാക്കുന്നു എന്നാണ് അവർ പറയുന്നത്.

അവരുടെ ആ പ്രസ്താവനയിൽ സത്യമുള്ളതായി തോന്നാം. നാം ഒരു സമൂഹത്തിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ, അതിന്റെ ഫലമായി മറ്റൊരു സഭയുണ്ടാകുന്നു, കൂടാതെ, അതിനെ പുറത്തുള്ളവർക്ക് കാണാൻ കഴിയുന്നത്, മറ്റൊരു നാമധേയവിഭാഗമായിട്ടാണ്.

എന്നാൽ പുറമെയുള്ള കാഴ്ച്ച പലപ്പോഴും വഞ്ചിക്കുന്നതായിരിക്കും. നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വം കൊണ്ടുവരുവാൻ നാം എന്തുകൊണ്ടു മറ്റുസഭകൾക്കുള്ളിൽ നിന്നുകൊണ്ടു പ്രവർത്തിക്കുന്നില്ല? ആ ചോദ്യം വർഷങ്ങൾക്കു മുൻപു തന്നെ കൈകാര്യം ചെയ്തിട്ടുള്ളതാണ്. നവോത്ഥാന പ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിൽ, പ്രസ്ഥാനത്തിലെ അദ്ധ്യക്ഷന്മാർ അന്നുണ്ടായിരുന്ന നാമധേയവിഭാഗസഭകളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചത് നാമധേയവിഭാഗത്തിലെ തെറ്റു മനസിലാക്കുവാൻ അവരെ സഹായിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയിലാണ്. അവസാനം, അവർ നാമധേയവിഭാഗങ്ങൾ തന്നെ വിട്ടു വേറിട്ടു കൂടിവരുവാൻ തുടങ്ങി. എന്തുകൊണ്ട്? *കാരണം അവർ നിർബന്ധിതരായി!* നാമധേയവിഭാഗങ്ങൾക്കു നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വത്തെ പറ്റി കേൾക്കുന്നതു ഇഷ്ടമല്ലാതായി; പിന്നീടു പുതിയനിയമസഭയിലേക്കു മടങ്ങി വരുവാൻ അപേക്ഷിച്ചവർക്കു പ്രസംഗിക്കുവാൻ അവരുടെ പ്രസംഗപീഠം വിട്ടുകൊടുക്കുവാൻ അവർ വിസമ്മതിച്ചു. ഒരു നിയമമായി, നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വത്തെ കുറിച്ചു പ്രസംഗിക്കുന്നതു അവർ തടയുവാൻ തുടങ്ങി.

മറ്റൊരു വാക്കിൽ പറഞ്ഞാൽ, നാമധേയ-രഹിത ക്രിസ്ത്യാനിത്വത്തിനുള്ള അപേക്ഷയോടു ആളുകൾ വിയോജിക്കുവാനുള്ള ഏക കാരണം അവർ തങ്ങളുടെ വിഭാഗത്തെ വിട്ടു പോരുവാൻ താല്പര്യപ്പെടുന്നില്ല, അതുകൊണ്ടു, നാമധേയവിഭാഗങ്ങൾക്കിടയിൽ, നാമധേയ-രഹിത ക്രിസ്ത്യാനിത്വത്തിന്റെ ആവശ്യം ഉന്നയിക്കുന്നതു അസാധ്യമായിതീർന്നു.

ഇനി നമുക്കു *പ്രതിരോധത്തിന്റെ ഏക ലളിതമായ വഴി* ഒന്നു പരിശോധിക്കാം.

ഇന്നു നാമധേയവിഭാഗ-രഹിതമാകുന്നത് സാധ്യമാണോ? ഈ കാര്യത്തെ കൈകാര്യം ചെയ്യുന്നതിനെ കുറിച്ചു ചിന്തിക്കുക: *അന്നു ക്രിസ്ത്യാനികളായിതീരുവാൻ അവർ എന്തു ചെയ്തുവോ അതു നാം ഇന്നു ചെയ്താൽ, അവർ അന്നു ആയതുപോലെ നാമും ക്രിസ്ത്യാനികളാകും.* അതു തീർച്ചയുള്ള കാര്യമല്ലേ? പുതിയനിയമകാലത്തു, ക്രിസ്ത്യാനികളാകുവാൻ ആളുകൾ ചിലതു ചെയ്തു, പിന്നെ ക്രിസ്ത്യാനികളെ പോലെ അവർ ജീവിക്കുകയും ആരാധിക്കുകയും ചില രീതിയിൽ ഇടവകകൾ രൂപീകരിക്കുകയും ചെയ്തു. ആ കാര്യങ്ങളിൽ അവർ ചെയ്തതുപോലെ നാം

ഇന്നു ചെയ്താൽ, അവർ ആയി തീർന്നതുപോലെ നാമും ആകും - വെറും നാമധേയ-രഹിത സഭയിലെ അംഗങ്ങളായ, പുതിയനിയമക്രിസ്ത്യാനികൾ മാത്രം ആകും.

ക്രിസ്ത്യാനിത്വത്തെ ഇന്നു നാമധേയ-രഹിതമായി കാണുവാൻ കഴി യാത്ത വിധം, ഭിന്നതകൾ ബാധ പോലെ ഗ്രസിച്ചിരിക്കുന്നു എന്നതാണ് കുഴപ്പം. നാമധേയവിഭാഗത്തിനപ്പുറമായി ക്രിസ്തുവിന്റെ മതത്തെ കാണു വാൻ ശ്രമിക്കുക:

മൂന്നു നാമധേയവിഭാഗങ്ങൾ ചേർന്നു ഒരു "യൂണിയൻ" മീറ്റിങ്ങ് നട ത്തുവാൻ തീരുമാനിച്ചതായി സങ്കല്പിക്കുക. അവർ ഒരു ഹാൾ വാടക ക്കെടുക്കുകയും പ്രാസംഗികനെ ക്ഷണിക്കുകയും ചെയ്യുന്നു. ആരോടും വിരോധം കാണിക്കാതിരിക്കുവാൻ, അവർ ഒരു സുവിശേഷ മീറ്റിങ്ങ് കൂടു വാൻ തീരുമാനിക്കുകയും അതിൽ പ്രവൃത്തികൾ 2-ൽ പെന്തെക്കൊസ്തു നാളിൽ പത്രൊസ് പ്രസംഗിച്ചതു പ്രാസംഗികൻ പ്രസംഗിക്കുകയും, അതി നുശേഷം പരിവർത്തനം ചെയ്യപ്പെടുന്നവർ ഏതു സഭയിൽ ചേരണമെന്നു അവരെ തിരഞ്ഞെടുക്കുവാനും അനുവദിക്കുന്നു.

സുവിശേഷയോഗം നടന്നു. പ്രാസംഗികൻ ക്രിസ്തുവിനെ പ്രസംഗി ക്കുന്നു. ആളുകൾ ക്രിസ്തുവിൽ വിശ്വസിക്കുകയും പാപത്തെ അവർക്കു ബോധ്യപ്പെടുകയും ചെയ്തു. പത്രൊസിനെപോലെ, പ്രാസംഗികൻ, അവ രോടു പറയുന്നു, "മാനസാന്തരപ്പെട്ടു, നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭിക്കും" (പ്രവൃത്തികൾ 2:38). പിന്നെ, ആ പെന്തെക്കൊസ്തുനാളിൽ ആളുകൾ ചെയ്തതുപോലെ, അവന്റെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനം ഏല്ക്കുന്നു. ഇരുന്നൂറുപേർ സ്നാനം ഏറ്റതോടുകൂടി ആ മീറ്റിങ്ങ് അവസാനിക്കുന്നു.

അതിനുശേഷം, ആ ഇരുന്നൂറുപേർക്കും ആ മൂന്നു സഭകളിൽ ഏതെ ങ്കിലും ഒന്നിൽ ചേരുവാൻ അവസരം നൽകുന്നു. അവരിൽ അമ്പതു പേർ നാമധേയവിഭാഗം എ യിലും, അടുത്ത അമ്പതു പേർ നാമധേയവിഭാഗം ബി യിലും, വേറെ അമ്പതുപേർ നാമധേയവിഭാഗം സി യിലും ചേരുന്നു. ശേഷിച്ച അമ്പതു പേർ, "ഞങ്ങൾ എന്തിന് ഏതെങ്കിലും നാമധേയവിഭാഗ ത്തോടു ചേരണം? ഞങ്ങൾ പുതിയനിയമകാലത്തെ ആളുകൾ ചെയ്തതു പോലെയാണ് ചെയ്തു തുടങ്ങിയതു, അതുകൊണ്ടു അവർ തുടർന്നതാണ് ഞങ്ങൾ തുടരുവാൻ പോകുന്നത്" എന്നു പറയുന്നു. അതുകൊണ്ടു, ആ അവസാന അമ്പതുപേർ പുതിയനിയമ സഭയെപോലെയുള്ള ഒരു ഇടവക യായി സംഘടിക്കുന്നു.

ഇവിടെ ഇതാ രണ്ടു ചോദ്യങ്ങൾ. ഒന്ന്, ആ അവസാന അമ്പതുപേരെ കുറിച്ചു ചിന്തിക്കുമ്പോൾ, അവർ ഏതു സഭയിലെ അംഗങ്ങളായി ചേർക്ക പ്പെട്ടു? അവരുടെ ക്രിസ്തീയജീവിതം പുതിയനിയമമാതൃകയനുസരിച്ച് തുട ങ്ങുകയും, അവർ അതനുസരിച്ചാണ് പിന്നീട് ജീവിച്ചതുമെങ്കിൽ, അവർ പുതിയനിയമ സഭയല്ലാതെ മറ്റെന്താണ്? രണ്ട്, ആ ഇരുന്നൂറുപരിവർത്തക രേയും പരിഗണിച്ചുകൊണ്ടു, അവർ സത്യസുവിശേഷമാണ് അനുസരിച്ച തെന്നു വിചാരിച്ചാൽ, ആ മൂന്നു വിഭാഗങ്ങളിൽ ഒന്നിൽ ചേരുന്നതിനു *മുൻപു* ഏതു വിഭാഗത്തിലെ അംഗമായിരുന്നു അവർ? അവർ ഒരു വിഭാഗ

ത്തിലും അംഗമായിരുന്നില്ലെങ്കിൽ, പിന്നെ അവർ ഏതെങ്കിലും വിഭാഗത്തോടു ചേരേണ്ടതു എന്തുകൊണ്ട്? അവർക്കു ഏതെങ്കിലും ഒരു വിഭാഗത്തിൽ ചേരാതെ തന്നെ രക്ഷിക്കപ്പെട്ടു കർത്താവിന്റെ സഭയിൽ അംഗങ്ങളായികൂടെ?

ഇന്നത്തെ ആളുകൾ ക്രിസ്ത്യാനികളാകുവാനും ക്രിസ്ത്യാനികളായി ജീവിക്കുന്നതിനും പുതിയനിയമകാലത്തെ ആളുകൾ ചെയ്തതുപോലെ ചെയ്താൽ, അവർ പുതിയനിയമകാലത്തിലെ ആളുകളെ പോലെ, ക്രിസ്ത്യാനികൾ മാത്രമായും നാമധേയവിഭാഗ-രഹിതമായ കർത്താവിന്റെ സഭയിലെ അംഗങ്ങൾ മാത്രമായും തീരും എന്നു നാം ഉറപ്പു നൽകുന്നു.

നമ്മുടെ ലക്ഷ്യത്തെ നാം വിവരിച്ചും പ്രതിരോധിച്ചുംകൊണ്ടു, നമുക്ക് ഈ ചോദ്യത്തിനു ഉത്തരം കണ്ടെത്താൻ തയ്യാറാകാം: *ഒരു സഭ മറ്റൊന്നു പോലെ നല്ലതാണെങ്കിൽ, പിന്നെ നാം എന്തിനു നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വത്തെ കുറിച്ചു വിചാരപ്പെടണം?*

## നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വത്തിനു വേണ്ടിയുള്ള ഒരു അപേക്ഷ

അവസാനമായി, നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വത്തിനുള്ള ഒരു അപേക്ഷയെ, പരിഗണിക്കാം: നാമധേയവിഭാഗ-രഹിത ക്രിസ്ത്യാനിത്വത്തിനു വേണ്ടി വാദിക്കുവാൻ തക്കതായ കാരണങ്ങളുണ്ടോ? ഉത്തരത്തിനായി നമുക്ക് പാഠത്തിന്റെ തലക്കെട്ടിലേക്കു മടങ്ങിപോകാം: ഒരു സഭ മറ്റൊന്നു പോലെ അത്ര നല്ല*തല്ല* എന്നതിനാൽ നിങ്ങൾ നാമധേയവിഭാഗ-രഹിതമാകണമെന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കട്ടെ.

ദയവായി തെറ്റിദ്ധരിക്കാതിരിക്കുക. ഒരു നാമധേയവിഭാഗം മറ്റൊന്നു പോലെ നല്ലതാണ് എന്നല്ല ഞാൻ പറയുന്നത്. ഏതെങ്കിലും നാമധേയവിഭാഗം കർത്താവിന്റെ സഭ പോലെ നല്ലതോ അല്ലയോ എന്നതിനെ ഞാൻ ചോദ്യം ചെയ്യുകയാണ്. കർത്താവിന്റെ സഭപോലെ നല്ലതു ഒന്നുണ്ടെങ്കിൽ, പിന്നെ നാം നാമധേയവിഭാഗ-രഹിതമാകുന്നതിനു ഒരു കാരണവും നിലനില്ക്കു*ന്നില്ല* എന്നു സമ്മതിക്കണം.

ഏതെങ്കിലും നാമധേയവിഭാഗം പുതിയനിയമത്തിലെ സഭ പോലെ അത്ര നല്ലതാണോ എന്നതിനെ നാം ചോദ്യം ചെയ്യുമ്പോൾ, ഈ ചോദ്യങ്ങളെ കുറിച്ചു ചിന്തിക്കുക:

*ഒരു ശരീരം മറ്റൊന്നു പോലെ നല്ലതാണോ?* നിങ്ങളുടെ ശരീരം മറ്റുള്ള വരുടേതിനേക്കാൾ നിങ്ങൾക്കു നല്ലതാണ്. അതുപോലെ, സഭ എന്നതു ക്രിസ്തുവിന്റെ ശരീരമത്രേ (എഫെസ്യർ 1:22, 23). മറ്റൊരു ശരീരം (നാമധേയവിഭാഗം അവൻ ആരംഭിച്ചിട്ടില്ല) ക്രിസ്തുവിനു സ്വന്ത ശരീരത്തെ പോലെ വിലയുള്ളതാണോ?

*ഒരു മണവാട്ടി മറ്റൊന്നു പോലെ നല്ലതാണോ?* പുരുഷന്മാരേ, നിങ്ങളുടെ സ്വന്ത മണവാട്ടിയുടെ അതേ വില നിങ്ങൾ മറ്റു മണവാട്ടികൾക്കു കൊടുക്കുമോ? നിങ്ങൾ അങ്ങനെ കണക്കാക്കിയിരിക്കയില്ല! സഭയെയും ക്രിസ്തുവിന്റെ മണവാട്ടിയായിട്ടാണ് ചിത്രീകരിക്കുന്നത് (എഫെസ്യർ 5:23–25; റോമർ 7:4). ക്രിസ്തു തന്റെ മണവാട്ടിയെ വില മതിക്കുന്നതുപോലെ മറ്റൊരു സഭയെ വിലമതിക്കുമോ?

*ഒരു കുടുംബം മറ്റൊന്നുപോലെ നല്ലതാണോ?* നമ്മുടെ സ്വന്ത കുടുംബത്തോടു നമുക്ക് ഒരു പ്രത്യേകതയുണ്ട്; നാം മറ്റൊന്നിനുവേണ്ടി അതിനെ

വില്ക്കുകയില്ല. സഭ ദൈവത്തിന്റെ ഭവനമാണ് (1 തിമൊഥെയൊസ് 3:15). ദൈവം തന്റെ സ്വന്ത ഭവനത്തെ വിലകല്പിക്കുന്നതു പോലെ മറ്റൊരു ഭവനത്തെ കാണുമോ?

*രക്ഷ ഏതെങ്കിലും നാമധേയവിഭാഗത്തിൽ കാണുമോ?* രക്ഷ സഭയിലാണ് ഉള്ളത്. ക്രിസ്തു സഭയെ സ്നേഹിച്ചു, അതിനുവേണ്ടി മരിച്ചു, അതിന്റെ രക്ഷിതാവായി (എഫെസ്യർ 5:23-25). രക്ഷിക്കപ്പെട്ടവരെ അവൻ സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തികൾ 2:47). അതു ഏതെങ്കിലും ഒരു നാമധേയവിഭാഗത്തെ കുറിച്ചു അതു പറയാൻ കഴിയുമോ?

**ഉപസംഹാരം**

നാം എന്താണ് തീർച്ചപ്പെടുത്തേണ്ടത്? ഒരു നാമധേയ വിഭാഗം മറ്റൊരു വിഭാഗം പോലെ നല്ലതായിരിക്കാം, എന്നാൽ ഒരു നാമധേയവിഭാഗവും കർത്താവിന്റെ സഭയെ പോലെ നല്ലതായിരിക്കയില്ല. അതുകൊണ്ടു, നാമധേയവിഭാഗ-രഹിതമാകുവാനുള്ള അപേക്ഷ നിങ്ങൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നു കാരണം ഞങ്ങൾ വിശ്വസിക്കുന്നത് ക്രിസ്തുവിന്റെ ശരീരത്തിന്റെയും, ക്രിസ്തുവിന്റെ മണവാട്ടിയുടെയും, ദൈവത്തിന്റെ ഭവനത്തിന്റെയും ഭാഗമാകുന്നു എന്നു ഉറപ്പാക്കുന്നതിനുള്ള ഏക വഴിയും - ക്രിസ്തു രക്ഷിക്കുന്ന ആളുകളുടെ ഭാഗമായി നിങ്ങൾ തീർന്നു എന്നു ഉറപ്പിക്കുവാനുള്ള ഏക വഴിയും അതു മാത്രമാണ് എന്നാണ്.

സഭകൾ മാറുന്നതിനെക്കുറിച്ചു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? പലർക്കും അവരുടെ നാമധേയവിഭാഗവുമായി പ്രത്യേക ബന്ധമില്ലാത്തതുകൊണ്ടു അവരുടെ മതപരമായ ബന്ധം വളരെ വേഗം വിട്ടുപോകുന്നു. എന്തടിസ്ഥാനത്തിലാണ് നിങ്ങൾ മറ്റൊരു സഭയെ സ്വീകരിക്കുന്നത്?

ഒരു നാമധേയവിഭാഗം വിട്ടു മറ്റൊന്നിലേക്കു മാറുന്നതുകൊണ്ടു പ്രത്യേകിച്ചു ഗുണമൊന്നുമില്ല എന്നു പറയാം. എന്താണ് ശരി എന്ന അടിസ്ഥാനത്തിൽ, നിങ്ങൾ മാറ്റത്തെ പരിഗണിക്കുകയാണെങ്കിൽ, ചോദിക്കേണ്ടത്: ഞാൻ എന്തു ചെയ്യണമെന്നാണ് കർത്താവു ആഗ്രഹിക്കുന്നത്? അനേകം സഭകൾ ഉള്ളതിൽ, ഏതാണ് അവന്റെ സഭ? “നിങ്ങളുടെ തിരഞ്ഞെടുപ്പിന്റെ സഭയിൽ പോകരുത്.” ക്രിസ്തുവിന്റെ സഭയുടെ തിരഞ്ഞെടുപ്പു നടത്തുക!

പുതിയനിയമത്തിൽ നിങ്ങൾ വായിക്കുന്ന, ക്രിസ്തുവിന്റെ സഭക്കുവേണ്ടിയാണ് ഞങ്ങൾ അപേക്ഷിക്കുന്നത്. ദുരഭിമാനമില്ലാത്ത ആരും അതിൽ തെറ്റു കണ്ടെത്താതിരിക്കുന്നതെന്തുകൊണ്ട്? ആ അപേക്ഷയോടു എന്തുകൊണ്ടു ക്രിയാത്മകമായി നിങ്ങൾ പ്രതികരിക്കുന്നില്ല?

---

കുറിപ്പുകൾ

[1]*ദ വേൾഡ് ബുക്ക് ഡിക്ഷ്ണറി*, 1967 എഡ്., എസ്. വി. “ഡിനോമിനേഷൻ.” [2]*പോക്കറ്റ് ഓക്സ്ഫോർഡ് ഡിക്ഷ്ണറി*, എസ്. വി. “ഡിനോമിനേഷൻ.” [3]ജെയിംസ് സി. ഫെർനാൾഡ്, *സിനോണിംസ്, ആന്റോണിംസ്, ആന്റ് പ്രിപ്പോസിഷൻസ്* (ന്യൂ യോർക്ക്: ഫങ്ക് ആന്റ് വാഗ്നൽസ് കമ്പനി., 1947), 93. [4]*യൂസ് ദ റൈറ്റ് വേർഡ്* (പ്ളെസെന്റ്‌വില്ല, എൻ. വൈ.: റീഡേഴ്സ് ഡൈജെസ്റ്റ് അസോസിയേഷൻ, 1969), 149.